നമ്പർ. ബി1/ഇ-46713/റ്റിസി/2018

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി, 01-06-2018

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — ഫിനാൻസ് ബിൽ 2014 — മോട്ടോർ ക്യാബുകളുടേയും ടൂറിസ്റ്റ് മോട്ടോർ ക്യാബുകളുടേയും ബാക്കി നികുതി ഈടാക്കുന്നത് - സംബന്ധിച്ച്

സൂചന :-
1. ജി.ഒ(പി) നം. 13/2018/ട്രാൻസ് തീയ്യതി 30-04-2018
2. കത്ത് നമ്പർ ബി.1/ഇ-46713/റ്റിസി/2018 തീയ്യതി 05-05-2018 & 09-05-2018
3. ജി.ഒ (പി) നം. 18/2018/ട്രാൻസ് തീയ്യതി 29-05-2018

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. സൂചന (1) പ്രകാരമുള്ള ഗവൺമെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01-04-2014 മുതൽ രജിസ്റ്റർ ചെയ്തിട്ടുള്ള മോട്ടോർ ക്യാബ്, ടൂറിസ്റ്റ് മോട്ടോർ ക്യാബ് വിഭാഗത്തിൽപ്പെടുന്ന വാഹനങ്ങൾ ബഹു: ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിലൂടെ 15 വർഷത്തെ നികുതിയ്ക്ക് പകരം 5 വർഷത്തെ നികുതി അടച്ചവർക്ക് ബാക്കി 10 വർഷത്തെ നികുതി പിഴയോ പലിശയോ കൂടാതെ 5 തുല്യ ദ്വൈമാസ ഗഡുക്കളായി അടയ്ക്കുവാൻ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ ടി വാഹനങ്ങളുടെ ആദ്യഗഡു അടയ്ക്കുവാനുള്ള അവസാന തീയതി 10-05-2018 ആയിരുന്നു. എന്നാൽ, ഭൂരിഭാഗം വാഹന ഉടമകൾക്കും പ്രസ്തുത തീയതിക്കുള്ളിൽ ആദ്യഗഡു അടയ്ക്കുവാൻ സാധിക്കാത്തതിനാൽ ആദ്യഗഡു അടയ്ക്കുന്നതിന് സർക്കാർ സൂചന (3) പ്രകാരം 10-06-2018 വരെ സാവകാശം നൽകിയിരിക്കുകയാണ്. ആയതിനാൽ മേൽതരം വാഹനങ്ങളുടെ കുടിശ്ശികനികുതിയുടെ ആദ്യഗഡു 10-06-2018 വരെ അധിക നികുതിയോ പലിശയോ ഇല്ലാതെതന്നെ സ്വീകരിക്കേണ്ടതാണ്. ടി വാഹനങ്ങളുടെ രണ്ടു മുതൽ അഞ്ചു വരെയുള്ള ഗഡുക്കൾ

സൂചന (1) —ലെ ഉത്തരവ് പ്രകാരം യഥാക്രമം 10-07-2018, 10-09-2018, 10-11-2018, 10-01-2019 എന്നീ തീയതികൾക്കകം അടയ്ക്കേണ്ടതാണ്. ഈ ഓഫീസിൽനിന്നും സൂചന (2) പ്രകാരം നൽകിയിട്ടുള്ള മറ്റ് നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ഈ വിവരം പൊതുജനങ്ങളെ അറിയിക്കുവാനായി ഓഫീസുകളിൽ ബോർഡുകൾ പ്രദർശിപ്പിക്കേണ്ടതും ആയത് വാഹന ഉടമകളെ അറിയിക്കേണ്ടതുമാണ്.

റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ള കേസുകളിൽ റവന്യൂ ഡിപ്പാർട്ട്മെന്റിനുള്ള സർവ്വീസ് ചാർജ്ജ് വാഹന ഉടമ ഒടുക്കുന്ന പക്ഷം ആർ.ആർ പിൻവലിക്കേണ്ടതും ഇൻസ്റ്റാൾമെന്റ് വ്യവസ്ഥയിൽ തുക സ്വീകരിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(നികുതി)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

പകർപ്പ് :

എസ്.എസ്.ജി സെക്ഷൻ - മേൽ നിർദ്ദേശപ്രകാരം ആവശ്യമായ മോഡിഫിക്കേഷൻ സ്മാർട്ട് മൂവ് സോഫ്റ്റ്‌വെയറിൽ 01-06-2018-ന് മുൻപ് വരുത്തേണ്ടതും ടി വിവരം എല്ലാ റീജിയണൽ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും മെയിൽ വഴി അറിയിക്കേണ്ടതുമാണ്.

അംഗീകാരത്തോടെ

1/6/2018
സൂപ്രണ്ട്

1/6/18

GOVERNMENT OF KERALA

**Transport (B) Department**

NOTIFICATION

G.O(P) No. 18/2018/Trans. *Dated,Thiruvananthapuram* *29th May, 2018*

*15th Idavam,1193*

*8th Jyaishta,1940*

S.R.O. No........../2018. - In exercise of the powers conferred by sub-item 22 of the Kerala Motor Vehicles Taxation Act, 1976 (19 of 1976) the Government of Kerala being satisfied that it is necessary in the public interest so to do, hereby make the following amendment to the Notification issued under G.O.(P)No. 13/2018/Tran dated 30th April, 2018 and published as S.R.O. No. 272/2018 in the Kerala Gazette Extra ordinary No. 1170 dated 2nd May, 2018 namely:-

AMENDMENT

In the said notification,-

(a) in the Preamble, the words "bi monthly" shall be omitted:

(b) for the words, figures and symbol " on or before 10th May, 2018", the words, figures and symbol "on or before 10th June, 2018" shall be substituted

By order of the Governor

**ACHENKUNJU. M**
*Additional Secretary to Government.*

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

As per the notification issued under G.O.(P) No.13/2018/Tran. dated 30th April, 2018 published as S.R.O. No.272/2018 in the Kerala Gazette Extraordinary No. 1170 dated 2nd May, 2018, Government have granted facility to pay the balance tax in respect of motor cabs and tourist motor cabs which were registered on or after 1st April, 2014 and remitted tax for 5 years instead of 15 years. As per the said notification, the vehicle owners were allowed to remit the 1st instalment on or before 10th May, 2018. Since the vehicle owners had only a short time span to remit the 1st instalment, certain vehicle owners have requested the Government to extend the time limit for remitting the instalment up to 10th June, 2018. Government have examined the request in detail and have decided to grant extension for remitting the 1st instalment up to 10th June, 2018.

The notification is intended to achieve the above object.